**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 364** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഇന്റഗ്രേറ്റഡ് ലോക്കൽ ഗവർണൻസ് മാനേജ്മെന്റ് സിസ്റ്റം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംയോജിത പ്രാദേശിക ഭരണമാനേജ്മെന്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി രൂപം നൽകിയ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവർണൻസ് മാനേജ്മെന്റ് സിസ്റ്റം പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരത്തെ ചെമ്മരുത്തി പഞ്ചായത്തിൽ നടപ്പാക്കിയതിന്റെ ഫലം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | **തിരുവനന്തപുരം ചെമ്മരുതി ഗ്രാമപ്പഞ്ചായത്തിൽ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവർണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS) പൈലറ്റായി നടപ്പാക്കിയപ്പോൾ, സോഫ്റ്റ് വെയർ ആപ്ലിക്കേഷനിലെ അപാകതകൾ കണ്ടെത്തി ആയത് പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്. ആയതിനെത്തുടർന്ന് പരിഷ്കരിച്ച ആപ്ലിക്കേഷൻ 152 പഞ്ചായത്തുകളിലേയ്ക്ക് കൂടി വിന്യസിക്കുകയും, കൂടുതൽകുറ്റമറ്റതാക്കി 04.04.2022 മുതൽ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | പരിഷ്കരിച്ച ഈ സോഫ്റ്റവെയർ എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയെന്നും ഇതിന് പൊതുജനങ്ങളുടെ ഇടയിൽ ലഭിച്ച സ്വീകാര്യത വിലയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ 941 ഗ്രാമപ്പഞ്ചായത്തുകളിലും **ഇന്റഗ്രേറ്റഡ് ലോക്കൽ ഗവർണൻസ് മാനേജ്മെന്റ് സിസ്റ്റം** (ILGMS) വിന്യസിച്ചിട്ടുണ്ട്. **ഐ എൽ ജി എം എസ്- ന്റെ പൊതുജനങ്ങൾക്കുള്ള വേർഷൻ ആയ CSP (Citizen Service Portal ) വഴി പൊതുജനങ്ങൾക്ക് അപേക്ഷകൾ സമർപ്പിക്കാനുള്ള സൌകര്യം ഒരുക്കിയിട്ടുണ്ട്. നാളിതുവരെ 12 ലക്ഷത്തോളം അപേക്ഷകൾ ഓൺലൈനായി ലഭിച്ചതിൽ, 10 ലക്ഷത്തിലധികം ഫയലുകൾ തീർപ്പാക്കിയിട്ടുള്ളതാണ് (87%) . പഞ്ചായത്തുകളിൽ നിന്നുള്ള എല്ലാ സേവനങ്ങളും സിറ്റിസൺ സർവ്വീസ് പോർട്ടലിൽ ലഭ്യമാക്കാതിരുന്നിട്ടുകൂടി ഒരു വർഷത്തിനുള്ളിൽ 12 ലക്ഷം അപേക്ഷകൾ ഓൺലൈനായി ലഭിച്ചതിൽ നിന്നുതന്നെ, ആപ്ലിക്കേഷൻ പൊതുജനങ്ങൾക്കിടയിൽ സ്വീകരിക്കപ്പെട്ടുകഴിഞ്ഞു എന്നത് ഉറപ്പിക്കാവുന്നതാണ്. കെട്ടിട നിർമ്മാണാനുമതി, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ തുടങ്ങിയവ കൂടി ഉൾപ്പെടുത്തുന്നതോടെ സ്വീകാര്യത ഇനിയും വർദ്ധിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ